# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 584** **02-12-2014 ലെ മറുപടിയ്ക്ക്**

## കാരുണ്യ പദ്ധതി

**ചോദ്യം**
**ശ്രീ. മോൻസ് ജോസഫ്**

**മറുപടി**
**ശ്രീ. കെ.എം. മാണി**
**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

**എ)** കാരുണ്യ പദ്ധതിയിൽ ചികിത്സാ ധനസഹായം നൽകുന്നതിനുള്ള നടപടിക്രമങ്ങളിലെ കാലതാമസം മൂലം രോഗികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് പ്രസ്തുത നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

**എ)** സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് അടിയന്തിര ഘട്ടങ്ങളിൽ സർജറി ഉൾപ്പെടെയുള്ള ചികിത്സ ആവശ്യമായി വന്നാൽ 24 മണിക്കൂറിനുള്ളിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ പ്രീ ആതറൈസേഷൻ നല്കുന്നതാണ്. അടിയന്തിര ഘട്ടങ്ങളിൽ അപേക്ഷ നല്കുന്നതിനു മുൻപ് സർക്കാർ ആശുപത്രികളിൽ സർജറിക്ക് വിധേയരാകേണ്ടിവരുന്ന ഗുണഭോക്താക്കൾ സർജറി കഴിഞ്ഞ് 72 മണിക്കൂറിനുള്ളിൽ ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചാലും ധനസഹായത്തിനായി പരിഗണിക്കുന്നു.

സർക്കാരാശുപത്രികളിൽ ചികിത്സ തേടിയിട്ടുള്ള അപേക്ഷകരുടെ അപേക്ഷ സംസ്ഥാന ആഫീസിലേക്ക് ശുപാർശ ചെയ്തിട്ടുള്ള കേസ്സുകളിൽ അടിയന്തിരമായി സർജറി ഉൾപ്പെടെയുള്ള ചികിത്സ ആവശ്യമായി വന്നാൽ 12 മണിക്കൂറിനുള്ളിൽ പ്രീ ആതറൈസേഷൻ നല്കുന്നതാണ്. പ്രധാനപ്പെട്ട ആശുപത്രികളിൽ അടിയന്തിര ചികിത്സ തടസ്സം കൂടാതെ നടത്തുന്നതിനായി ഇംപ്രെസ്റ്റ് ഫണ്ട് നൽകിയിട്ടുണ്ട്. അപേക്ഷ പ്രോസ്സസ് ചെയ്യുന്നത് ഓൺലൈനായിട്ടായതിനാൽ കാര്യമായ കാലതാമസം ഉണ്ടാകാറില്ല.

**ബി)** എല്ലാ ആശുപത്രികളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സഹായകരമായ നിയമനിർമ്മാണം നടത്തുന്നതിനു നടപടി സ്വീകരിക്കുമോ;

**ബി)** കാരുണ്യാ ചികിത്സാ പദ്ധതിയിൽ ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികൾ, പരിയാരം സഹകരണ മെഡിക്കൽ കോളേജ്, എന്നിവിടങ്ങളിലും കൂടാതെ ശ്രീ ചിത്തിരതിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ തുടങ്ങിയവയിലും ചികിത്സ തേടുന്നവർക്ക് മാത്രമേ ധനസഹായം നല്കിയിരുന്നുള്ളു. എന്നാൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ ആധുനിക ചികിത്സാ സൗകര്യങ്ങൾ പദ്ധതി ഗുണഭോക്താക്കൾക്കുകൂടി ലഭ്യമാകണമെന്ന ഉദ്ദേശത്തോടെ പദ്ധതി പാക്കേജുകളും നിരക്കും അംഗീകരിച്ച് പദ്ധതി ഗുണഭോക്താക്കൾക്ക് ക്യാഷ്‌ലസ് ചികിത്സ നൽകുന്നതിനു തയ്യാറായി വന്നിട്ടുള്ള സർക്കാരിതര ആശുപത്രികളെ ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. ഇതിനകം സംസ്ഥാനത്തെ 72 സർക്കാരിതര ആശുപത്രികൾ പദ്ധതിയിൽ അക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത ആശുപത്രികളിൽ പദ്ധതിയിൻ കീഴിൽ ചികിത്സ നടന്നു വരുന്നുണ്ട്.

വൃക്കരോഗികൾക്ക് യഥാസമയം ഡയാലിസിസ് ലഭ്യമാക്കുന്നതിന് പദ്ധതി വ്യവസ്ഥകളും നിരക്കുകളും അനുസരിച്ച് ചികിത്സനൽകാനായി സംസ്ഥാനത്തെ 31 സ്വകാര്യ ഡയാലിസിസ് സെന്ററുകൾക്ക് അംഗീകാരം നൽകുകയും അവയിൽ 27 എണ്ണം പ്രവർത്തനക്ഷമവുമാണ്.

കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ സഹായത്തോടെ സംസ്ഥാനത്തെ 27 ജില്ല/ താലൂക്ക് സർക്കാർ ആശുപത്രികളിൽ കൂടി സംസ്ഥാന ആരോഗ്യ വകുപ്പ് ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പദ്ധതി പാക്കേജുകളും നിരക്കും അംഗീകരിച്ച് ഗുണഭോക്താക്കൾക്ക് ക്യാഷ്‌ലസ് ചികിത്സ നൽകുന്നതിനു തയ്യാറായി വരുന്ന ആധുനിക സൗകര്യങ്ങൾ ഉള്ള കൂടുതൽ സർക്കാരിതര ആശുപത്രികളെകൂടി ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതാണ്.

**സി)** കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ചികിത്സാ ധനസഹായത്തിനുള്ള എത്ര അപേക്ഷകൾ സംസ്ഥാന ഓഫീസിൽ ഇനിയും തീരുമാനമാകാതെ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

**സി)** വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

**ഡി)** അക്രഡിറ്റേഷൻ ഇല്ലാതെ ആശുപത്രികളിൽ ചികിത്സ നടത്തിയതിന്റെ പേരിൽ തള്ളിക്കളഞ്ഞ അപേക്ഷകൾ പുനഃപരിശോധിച്ച് ബില്ലിൽ ഉള്ള തുകകൾ രോഗികൾക്ക് തന്നെ നൽകുന്ന കാര്യം പരിഗണിക്കുമോ?

**ഡി)** അക്രെഡിറ്റേഷൻ ഇല്ലാത്ത ആശുപത്രികളിലെ ചികിത്സയ്ക്ക്, ഗുരുതരമായതും കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതുമായ രോഗങ്ങൾക്കുള്ള ധനസഹായം പ്രത്യേക അനുമതിയോടെ നൽകാറുണ്ട്.

സെക്ഷൻ ഓഫീസർ.

അനുബന്ധം

| KARUNYA BENEVOLENT FUND | | |
|---|---|---|
| DETAILS OF APPLICATIONS PENDING FROM 15th State Level Committee dated 13.11.2014 | | |
| SL NO | DIST | No |
| 1 | TVM | 112 |
| 2 | KLM | 102 |
| 3 | PTA | 55 |
| 4 | ALP | 35 |
| 5 | KTM | 56 |
| 6 | IDK | 20 |
| 7 | EKM | 34 |
| 8 | TSR | 31 |
| 9 | PKD | 102 |
| 10 | MPM | 169 |
| 11 | KKD | 21 |
| 12 | WYD | 11 |
| 13 | KNR | 141 |
| 14 | KSD | 26 |
| TOTAL | | 915 |

സെക്ഷൻ ഓഫീസർ